## കേരളസർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ 115/2015/പൊ.വി.വ. തിരുവനന്തപുരം, തീയതി 15/05/2015

---

പരാമർശം: 1. സ.ഉ.(പി) 69/14/പൊ.വി.വ. നമ്പർ ഉത്തരവ് തീയതി28.04.2014

2. സ.ഉ.(പി)259/14/പൊ.വി.വ. നമ്പർ ഉത്തരവ് തീയതി 02.12.2014.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.03.2015-ലെ എം1/1553/2014/ ഡി.പി.ഐ. നം. കത്ത്.

### ഉത്തരവ്

ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച പരാമർശിത വിഷയങ്ങൾ തീരുമാനിക്കുകയും അവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ കൺവീനറായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി. പ്രസ്തുത കമ്മിറ്റി പരാമർശിത വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ആയതു പ്രകാരം ശുപാർശകൾ തയ്യാറാക്കി പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

II) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്നതിനായി പരിഗണിക്കുന്നതിന് പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പരാമർശിത വിഷയങ്ങളുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ കൺവീനറായി ചുമതലപ്പെടുത്തിയ മൂന്നംഗ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. മേൽകമ്മിറ്റി നൽകിയ ശുപാർശകൾ കണക്കിലെടുത്ത് മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 100 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്ക് മാത്രമേ എയ്ഡഡ് പദവി അനുവദിക്കുകയുള്ളു.

2. സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം കണക്കാക്കേണ്ടത് യു.ഐ.ഡി പ്രകാരമാണ്. യു.ഐ.ഡി പ്രകാരമുള്ള കുട്ടികളുടെ എണ്ണം കണക്കാക്കിയതിനുശേഷമാണ് അർഹതയുള്ള സ്കൂളുകളെ എയ്ഡഡ് പദവി അനുവദിക്കുന്നതിന് തെരഞ്ഞെടുക്കേണ്ടത്. കുട്ടിയുടെ UID മറ്റൊരു സ്കൂളിലും കുട്ടി പഠനത്തിനായി വരുന്നത് സ്പെഷ്യൽ സ്കൂളിലും എന്ന രീതി അനുവദനീയമല്ല. UID എടുക്കുന്നതിനുവേണ്ട ശാരീരിക മാനസിക ശേഷി ഇല്ലാത്ത കുട്ടിയുടെ കാര്യത്തിൽ സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ പേര് റോളിൽ ഉൾപ്പെടുത്താവുന്നതാണ്. 18 വയസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എയ്ഡഡ് പദവി അനുവദിക്കുന്നത്.

3. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളിൽ പ്രവേശനം തേടേണ്ട താഴ്ന്ന പ്രായപരിധി 4 വയസ്സായും (അഡ്മിഷൻ നൽകുന്ന വർഷം ജൂൺ 1 ന് 4 വയസ് പൂർത്തിയാകുന്ന കുട്ടികൾ) ഉയർന്ന പ്രായപരിധി 18 വയസ്സായും നിജപ്പെടുത്തുന്നു. സ്കൂൾ അഡ്മിഷന് യാതൊരുതരത്തിലുമുള്ള വിവേചനവും പാടില്ലാത്തതും ജാതി,മത,ലിംഗ ഭേദമന്യേ അഡ്മിഷൻ നൽകേണ്ടതുമാണ്. അഡ്മിഷൻ സംബന്ധിച്ച പരാതികൾ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും പരാതി ലഭിച്ച് കഴിഞ്ഞ് രണ്ടാഴ്ചയ്ക്കകം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് പുതുതായി രജിസ്ട്രേഷൻ/അംഗീകാരം നൽകുമ്പോഴും എയ്ഡഡ് സ്റ്റാറ്റസ് നൽകുമ്പോഴും സ്കൂളുകൾ തമ്മിലുള്ള ദൂരദൈർഘ്യം 3 കിലോമീറ്ററായി നിജപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇളവ് നൽകുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

5) പുതിയതായി സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അംഗീകൃത അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. പുതിയ സ്കൂളുകൾക്ക് കോർപ്പറേഷൻ ഏരിയയിൽ 20 സെന്റ്, മുൻസിപ്പാലിറ്റിയിൽ 30 സെന്റ്, ഗ്രാമ പഞ്ചായത്തിൽ 50 സെന്റ് ഉണ്ടായിരിക്കേണ്ടതാണ്. ഹോസ്റ്റൽ ഉള്ള സ്കൂളുകളിൽ ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക ഹോസ്റ്റലുകൾ ഉണ്ടായിരിക്കേണ്ടതാണ്. നിലവിൽ വാടകയ്ക്ക് പ്രവർത്തിച്ചു വരുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് പദവി ലഭിക്കുന്ന ഉത്തരവ് തീയതി മുതൽ 5 വർഷത്തിനകം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റേണ്ടതാണ്. ക്ലാസ് മുറികൾ, ഹോസ്റ്റൽ എന്നിവയ്ക്ക് പുറമെ ആവശ്യമായ കളിസ്ഥലം, പാർക്കിംഗ് ഏരിയ എന്നിവ സ്കൂളിന് ഉണ്ടായിരിക്കേണ്ടതാണ്. നിലവിൽ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകുന്ന കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

**<u>സ്പെഷ്യൽ സ്കൂളുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം</u>**

**(എ) <u>ക്ലാസ് മുറികൾ</u>**

ഓരോ ക്ലാസ് മുറിയ്ക്കും 225 സ്ക്വയർഫീറ്റിൽ കുറയാത്ത ഫ്ളോർ ഏരിയ ഉണ്ടായിരിക്കേണ്ടതാണ്. ക്ലാസ് മുറികളുടെ ഫ്ളാറ്റ് റൂഫിന്റെ ഉയരം 10 അടിയിൽ കുറയാൻ പാടില്ല.

(ബി) **<u>ഫിസിയോതെറാപ്പി റൂം</u>**

എല്ലാ സ്കൂളുകളിലും 400 സ്ക്വയർഫീറ്റിൽ കുറയാത്ത ഫ്ളോർ ഏരിയയുള്ള ഫിസിയോതെറാപ്പി റൂം ഉണ്ടായിരിക്കേണ്ടതാണ്.

**<u>(സി) സ്പീച്ച് തെറാപ്പി റൂം</u>**

ഓരോ സ്കൂളിനും 100 സ്ക്വയർഫീറ്റിൽ കുറയാത്ത ഫ്ളോർ ഏരിയയുള്ള സ്പീച്ച് തെറാപ്പി റൂം ഉണ്ടായിരിക്കേണ്ടതാണ്.

**<u>(ഡി) ഒക്കുപേഷണൽ തെറാപ്പി റൂം</u>**

ഓരോ സ്കൂളിനും 100 സ്ക്വയർഫീറ്റിൽ കുറയാത്ത ഫ്ളോർ ഏരിയയുള്ള ഒക്കുപേഷണൽ തെറാപ്പി റൂം ഉണ്ടായിരിക്കേണ്ടതാണ്.

**(ഇ) <u>ഹെഡ്മാസ്റ്റേഴ്സ് റൂം, സ്റ്റാഫ് റൂം, വിസിറ്റേഴ്സ് റൂം</u>, <u>ലൈബ്രറി.</u>** എന്നിവ ഓരോ സ്കൂളിനും പ്രത്യേകമായി ഉണ്ടായിരിക്കേണ്ടതാണ്.

**(എഫ്) <u>ടോയ്‌ലറ്റ്, കുടിവെള്ളം</u>**

സ്പെഷ്യൽ സ്കൂളിലും ഹോസ്റ്റലിലും 1:5 അനുപാതത്തിലും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടി കൾക്കും വെവ്വേറെ ടോയ്‌ലറ്റ് ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യാനുസരണം കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

**(ജി) <u>ഹോസ്റ്റൽ</u>**

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ഹോസ്റ്റൽ ഉണ്ടായിരിക്കേണ്ടതാണ്. ഹോസ്റ്റലിൽ ഒരു കുട്ടിക്ക് 19 സ്ക്വയർ ഫീറ്റ് എന്ന നിരക്കിൽ സ്ലീപ്പിംഗ് ഏരിയ ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ഹോസ്റ്റലിൽ ഒരു കുട്ടിക്ക് 100 സ്ക്വയർ ഫീറ്റ് എന്ന നിരക്കിൽ സ്ലീപ്പിംഗ് ഏരിയ, ഡൈനിംഗ് ഹാൾ, കിച്ചൺ എന്നിവയെല്ലാം ഉണ്ടായിരിക്കേണ്ടതുമാണ്. ഫയർ ഇൻസിനറേറ്റർ എല്ലാ ഹോസ്റ്റലിലും ഉണ്ടായിരിക്കേണ്ടതാണ്.

**(എച്ച്) പൊതു വിശദീകരണം**

സ്കൂളിൽ കുട്ടികൾ നേരിട്ട് ഉപയോഗിക്കുന്ന ക്ലാസ്മുറി, തെറാപ്പി മുറികൾ, ഹോസ്റ്റൽ എന്നീ കെട്ടിടങ്ങളുടെ ഫ്ളാറ്റ് റൂഫ് ഉയരം 10 അടിയിൽ കുറയാൻ പാടില്ല. കെട്ടിടങ്ങൾ എല്ലാം ബാരിയർ ഫ്രീ ആയിരിക്കേണ്ടതാണ്. ഒരു ക്ലാസ് മുറിയിൽ 8 കുട്ടികളിൽ കൂടുതൽ ഉണ്ടാകാൻ പാടില്ല.

**6) സ്റ്റാഫ് പാറ്റേൺ**

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:8 ആയിരിക്കുന്നതാണ് .

**7) സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപക തസ്തികകളുടെ അനുവദനീയത**

1. ഹെഡ്മാസ്റ്റർ

100 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾക്ക് പുറമെ ഒരു ഹെഡ്മാസ്റ്റർ തസ്തിക അനുവദിക്കാവുന്നതാണ്.

2. സ്പെഷ്യൽ ടീച്ചർ

സ്പെഷ്യൽ സ്കൂളുകളിൽ 1:8 അനുപാതത്തിൽ അദ്ധ്യാപക തസ്തികകൾ അനുവദിക്കാവുന്നതാണ്.

3. സ്പീച്ച് തെറാപ്പിസ്റ്റ്

100 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ സ്പീച്ച് തെറാപ്പിസ്റ്റിന്റെ ഒരു റഗുലർ തസ്തിക അനുവദിക്കാവുന്നതാണ്.

4. ഫിസിയോ തെറാപ്പിസ്റ്റ്

100 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ ഒരു റഗുലർ തസ്തിക അനുവദിക്കാവുന്നതാണ്.

5. ഓക്കുപ്പേഷണൽ തെറാപ്പിസ്റ്റ്

100 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഓക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ ഒരു റഗുലർ തസ്തിക അനുവദിക്കാവുന്നതാണ്.

6. വിസിറ്റിംഗ് തസ്തികകൾ

സൈക്കോളജിസ്റ്റ്, മെഡിക്കൽ ഡോക്ടർ, ഡെന്റിസ്റ്റ്, യോഗ ടീച്ചർ, ഡാൻസ് ടീച്ചർ, ബാൻഡ് മാസ്റ്റർ, ഇൻസ്ട്രുമെന്റ് മ്യൂസിക് ടീച്ചർ എന്നിവ വിസിറ്റിംഗ് തസ്തികകളായി പരിഗണിക്കുന്നതാണ്. സർക്കാർ നിശ്ചയിക്കുന്ന ഹോണറേറിയം വിസിറ്റിംഗ് തസ്തികകൾക്ക് അനുവദിക്കാവുന്നതാണ്.

7. സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ്

100 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് ഉൾപ്പെടെയുള്ള ചുവടെ ചേർക്കുന്ന തസ്തികകൾ consolidated pay യിൽ അനുവദിക്കാവുന്നതാണ്. consolidated pay നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

1. വൊക്കേഷണൽ ഇൻസ്ട്രക്ടർ
2. കായികാദ്ധ്യാപകൻ
3. ഡ്രോയിംഗ് ടീച്ചർ
4. മ്യൂസിക് ടീച്ചർ
5. ഐ.റ്റി ഇൻസ്ട്രക്ടർ

8) എയ്ഡഡ് പദവി ലഭിക്കേണ്ട സ്പെഷ്യൽ സ്കൂളുകളിൽ പി.റ്റി.ആർ. നിശ്ചയിച്ചതിനുശേഷം ഇപ്പോൾ സേവനം അനുഷ്ടിക്കുന്ന അധ്യാപകർക്ക് അവർ ഏത് തസ്തികയിലാണോ സേവനം അനുഷ്ടിക്കുന്നത് ആ തസ്തികയ്ക്ക് നിശ്ചയിച്ച യോഗ്യതഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനാംഗീകാരം നൽകാവുന്നതും, ഇപ്രകാരം നിശ്ചയിച്ച യോഗ്യത നിലവിൽ ഇല്ലെങ്കിൽ ആയത് ആർജ്ജിക്കുന്നതിനായി 3 വർഷത്തെ സമയപരിധി നൽകാവുന്നതുമാണ്. പ്രസ്തുത യോഗ്യത ആർജ്ജിച്ചുകഴിയുമ്പോൾ ബന്ധപ്പെട്ട അധ്യാപക തസ്തികയിലേയ്ക്ക് ആഗിരണം ചെയ്യാവുന്നതുമാണ്. അതുവരെ ഇപ്പോഴുള്ള യോഗ്യതയ്ക്ക് തുല്യമായ തസ്തികയുടെ ശമ്പള നിരക്ക് നിശ്ചയിച്ചു നൽകാവുന്നതുമാണ്. എന്നാൽ 15 വർഷത്തിലധികം സർവീസുള്ള 50 വയസ്സ് കഴിഞ്ഞ അധ്യാപകരെ നിർദിഷ്ട യോഗ്യത നേടണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

9) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ അംഗീകരിച്ച വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

**10) <u>സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക ഇതര ജീവനക്കാരുടെ അനുവദനീയത</u>**

(എ) 100 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളിൽ ചുവടെ ചേർക്കുന്ന ഓരോ റെഗുലർ തസ്തികകൾ അനുവദിക്കാവുന്നതാണ്.

1. ക്ലാർക്ക്
2. ഓഫീസ് അറ്റൻഡന്റ്

ബി) 100 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളിൽ ചുവടെ ചേർക്കുന്ന തസ്തികകൾ consolidated pay യിൽ അനുവദിക്കാവുന്നതാണ്. കൺസോളിഡേറ്റഡ് പേ നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

1) ഫുൾ ടൈം മീനിയൽ തസ്തിക (ഒന്ന്)

2) ആയ(15 കുട്ടികൾക്ക് ഒന്ന് എന്ന ക്രമത്തിൽ ആയമാരെ നിയമിക്കാവുന്നതാണ്)

3) ഡ്രൈവർ (സ്വന്തമായി വാഹനമുള്ള സ്കൂളുകളിൽ വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഒരു വാഹനത്തിന് ഒന്ന് എന്ന ക്രമത്തിൽ ഡ്രൈവർമാരെ നിയമിക്കാവുന്നതാണ്.)

4) മേട്രൺ ( ഹോസ്റ്റൽ ഉള്ള സ്കൂളുകളിൽ 50കുട്ടികൾക്ക് ഒന്ന് എന്ന ക്രമത്തിൽ മേട്രൻമാരെ നിയമിക്കാവുന്നതാണ്. ഏറ്റവും കുറഞ്ഞത് ഒരു മെയിൽ മേട്രനും ഒരു ഫീമെയിൽ മേട്രനും ഓരോ ഹോസ്റ്റലിലും ഉണ്ടായിരിക്കേണ്ടതാണ്.)

5) കുക്ക് (ഹോസ്റ്റലിൽ താമസിക്കുന്ന 50 കുട്ടികൾക്ക് ഒന്ന് എന്ന ക്രമത്തിലും കുറഞ്ഞത് രണ്ട് എന്ന ക്രമത്തിലും കുക്ക് തസ്തികകൾ അനുവദിക്കാവുന്നതാണ്.)

6) വാച്ച്മാൻ (100 കുട്ടികളിൽ കൂടുതലുള്ള എല്ലാ സ്കൂളുകളിലും ഒരു വാച്ച്മാൻ തസ്തിക അനുവദിക്കാവുന്നതാണ്. ഹോസ്റ്റൽ ഉള്ള സ്കൂളുകളിൽ ഓരോ ഹോസ്റ്റലിനും ഓരോ വാച്ച്മാൻ തസ്തിക വീതം അനുവദിക്കാവുന്നതാണ്.)

11) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക ഇതര ജീവനക്കാരുടെ അംഗീകരിച്ച വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

III) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി അനുവദിച്ചുനൽകുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായതിനാൽ എല്ലാ തസ്തികകളിലേക്കുള്ള നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയായിരിക്കുന്നതും ConsolidatedPayയിലുള്ള തസ്തികയിൽ Notification മുഖേനയും ആയിരിക്കുന്നതുമാണ്. ഇതിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ എയ്ഡഡ് പദവി ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ ഈ ഉത്തരവ് തീയതി വരെ നിലവിലുള്ള അധ്യാപക-അനധ്യാപക ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് പരിരക്ഷ നൽകുന്നതാണ്. ഖണ്ഡിക II (8 ) ലെ വ്യവസ്ഥ പ്രകാരം നിയമനാംഗീകാരം നൽകുന്നതിന് പരിഗണിക്കുന്നതിനായി എയ്ഡഡ് പദവി ലഭിച്ചിട്ടുള്ള എല്ലാ സ്പെഷ്യൽ സ്കൂളുകളും ഈ ഉത്തരവ് തീയതിക്ക് ശേഷം റെഗുലർ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും Consolidated Pay യിലുള്ള നിയമനങ്ങൾ നോട്ടിഫിക്കേഷൻ മുഖേനയും ആയിരിക്കുമെന്ന നിബന്ധന അംഗീകരിക്കുന്ന ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട സ്കൂൾ മാനേജ്മെന്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾക്ക് സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് പദവി ലഭ്യമാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുന്നതും മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി മേൽ സൂചിപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് സഹിതം എയ്ഡഡ് പദവി ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

IV) 18 വയസ്സിന് മുകളിലുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്നതിനായി ഒരു Vocational Rehabilitation Training Centre എയ്ഡഡ് പദവി ലഭിക്കുന്ന ഓരോ സ്ഥാപനത്തിന്റെയും അനുബന്ധമായി ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. Vocational Rehabilitation Training Centre ആരംഭിക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ സർക്കാർ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

V) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെയും അദ്ധ്യാപക ഇതര ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത നിയമനരീതി എന്നിവ അടങ്ങിയ സ്പെഷ്യൽറൂൾസ് സർക്കാർ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വി.എസ്.സെന്തിൽ
ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, എസ്.ഐ.എം.സി., പാങ്ങപ്പാറ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഹയർസെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, ഐ.ടി.@ സ്കൂൾ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്)കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ(എസ്.സി)വകുപ്പ് (06.05.2015 ലെ ഇനം നം. പ്രകാരം)
ധനകാര്യവകുപ്പ് (07.04.2015 ലെ 26442/എഡ്യൂ.എ1/14/ധന. പ്രകാരം.)
സാമൂഹ്യ നീതി വകുപ്പ്
തൊഴിലും പുനരധിവാസവും വകുപ്പ്
വെബ് ആന്റ് ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.ന്
ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പി.എസ്.ന്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# Qualification of Teaching Staff [Refer Para II(9)]

1) **Headmaster (Scale of pay – 19240-34500)**

1. Degree in Arts/Science/Commerce- recognized by any of the university in Kerala.

and

2. BEd (Special Education MR) recognized by any of the Universities in Kerala

Or

3. BEd (General) recognized by any of the Universities in Kerala and Diploma in Education in Special Education (MR) /Diploma in Special Education (MR)/Diploma in Mental Retardation/ Post Graduate Professional Diploma in MR.

and

4. 5 years experience in teaching in Mentally Challenged Children.

2) **Special Teacher (Scale of Pay -11620-20240**)

Degree in Arts/ Science/ Commerce

and

2. BEd Special Education(MR)/ Diploma in Education Special Education(MR)/ Diploma in Special Education (MR)/ Diploma in Mental Retardation/ DEd.(Autism Spectrum Disorder)/ DEd.(Cerebral Palsy) DEd.(Multiple Disability)/ P.G. Professional Diploma in MR/ Diploma in Community Based Rehabilitation (1 Year Course) with 3 month in-service course / Bridge course and 10 years experience in teaching mentally challenged children and 3 month in service course.

3. **Speech Therapist (Scale 11620-20240)**

1. Bachelor of Audiology and Speech Language Pathology (BASLP)/ Diploma in Multiple Rehabilitation Therapy /BEd.(Hearing Impaired) with 5 years experience

4. **Physio Therapist (Scale 11620-20240)**

1.Bachelor of Physio Therapy/Diploma in Multi Rehabilitation Work/Certificate Course in Rehabilitation Therapy.

5. **Occupational Therapist (Scale 11620-20240**)

1. Bachelor of Occupational Therapy/ Diploma in Rehabilitation Therapy.

6. **Visiting Faculties (**Honorarium will be fixed by Government. The minimum number of visits will be fixed as one and maximum number of visits will be restricted to two in one month.)

1. Psychologist
   (Q) Post Graduate in Psychology
2. Doctor
   (Q) MBBS
3. Dentist
   (Q) BDS
4. Yoga Teacher
   1. Certificate in the concerned field
5. Dance Teacher
   1. SSLC
   2. Certificate / Diploma (1year)
6. Band Master
   1. SSLC
   2. Certificate in concerned field

7. Instrument Music Teacher

    1. SSLC
    2. Diploma/ Certificate in Instrument Music

8. **<u>Specialist Teacher (On consolidated Pay)</u>**

1. Vocational Instructor
    1. SSLC
    2. Degree/ Diploma in Vocational Training
2. Physical Education Teacher
    1. SSLC/ Degree
    2. Bachelor of Physical Education / Diploma in Physical Education
3. Drawing Teacher
    1. SSLC / Degree
    2. Degree/ Diploma/ Certificate in Drawing
4. Music Teacher
    1. SSLC/ Degree
    2. Degree/ Diploma/ Certificate in Music
5. IT Instructor
    1. HSC/VHSC/Degree
    2. Diploma/ Degree in Computer Application

**Note** : All the qualification mentioned above are recognized by one of the Universities/Board in Kerala. Age limit for appointment in all categories excluding existing staff will be as per Kerala Public Service Commission norms.

*****

അനുബന്ധം II

## Qualification of Non-teaching staff in Mentally Challenged Special School [Refer Para II (11)]

**1. Clerk (Scale of Pay 9940-16550)**

1. SSLC/ HSC/ VHSC/ Degree
2. Computer Knowledge

**2. Office Attendant (Scale of Pay 8730-13540)**

Pass in VII Std

Good Physique

**3. Matron (Male/Female) (Consolidated Pay)**

1. SSLC/HSC/ VHSC/ Degree
2. Certificate in first Aid.

**4. Cook (Consolidated Pay)**

1.Good Physique

2. 5 years experience in Cooking

**5. Full Time Menial (FTM) (Consolidated Pay)**

Good Physique

**6. Watchman (Consolidated Pay)**

1. Pass in Std VIII.
2. Good Physique

**7. Ayah ( Consolidated Pay)**

Good Physique

**8. Driver (Consolidated Pay)**

1. Pass in VIII Std.
2. Valid Driving License
3. Ten years experience in Driving and minimum age of 35 years.

**Note**: All the qualifications mentioned above are recognized by one of the Universities/Board in Kerala. Age limit for appointment in all categories, excluding existing staff will be as per Kerala Public Service Commission Norms.

*****